**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4945** **11-08-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റോർ വെരിഫിക്കേഷൻ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചികിത്സക്കായി സംഭരിക്കുന്ന മരുന്നുകൾ , ഉപകരണങ്ങൾ തുടങ്ങിയവ പൂർണ്ണമായും രോഗികൾക്ക് പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിന് സ്റ്റോർ വെരിഫിക്കേഷൻ വിഭാഗം ഉദ്യോഗസ്ഥർ വകുപ്പിൽ നിലവിലുണ്ടോ; | (എ) | നിലവിലുണ്ട് |
| (ബി) | സ്റ്റോർ വെരിഫിക്കേഷൻ വിഭാഗം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ബാധകമല്ല |
| (സി) | സ്റ്റോർ വെരിഫിക്കേഷന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ സ്റ്റോർ വെരിഫിക്കേഷന് 25.06.2012 ലെ സ.ഉ(കൈ) നം 192/2012/ആ.കു.വ പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീം ബന്ധപ്പെട്ട മെഡിക്കൽ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലും 3 മാസത്തിലൊരിക്കൽ പരിശോധന നടത്തി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംസ്ഥാന സ്റ്റോർ വെരിഫിക്കേഷൻ ടീമിന് റിപ്പോർട്ട് നല്കേണ്ടതുണ്ട്. ഉപകരണങ്ങളുമായി ബന്ധപ്പെട്ട പരിശോധനകൾ പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീം യഥാസമയം നടത്തേണ്ടതും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളപക്ഷം സെൻട്രൽ വർക്ക്ഷോപ്പ് സൂപ്രണ്ടുമായോ സ്റ്റേറ്റ് ടീമിലെ ബയോമെഡിക്കൽ എൻജിനീയറുമായോ ബന്ധപ്പെട്ട് അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള സ്റ്റോർ വെരിഫിക്കേഷൻ ടീമിൽ നിന്നും എന്തെങ്കിലും പരാതികൾ ലഭിക്കുന്ന പക്ഷം, ആയതിന്മേൽ സ്റ്റേറ്റ് ടീം ആവശ്യമായ അന്വേഷണം |

| | | | |
|---|---|---|---|
| | | | നടത്തി റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ